| | | |
|---|---|---|
| ഖുത്വ്ബ നമ്പർ<br>**44**<br>**01-11-2013** | بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود<br>**ജുമുഅ ഖുത്വ്ബ**<br>**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**<br>**ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز**<br>**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ** |  |

# ന്യൂസിലാന്റിന് പുതിയ മസ്ജിദ്

فِيْ بُيُوْتٍ اَذِنَ اللّٰهُ اَنْ تُرْفَعَ وَيُذْكَرَ فِيْهَا اسْمُهٗ ۙ يُسَبِّحُ
لَهٗ فِيْهَا بِالْغُدُوِّ وَالْاٰصَالِ ﴿۳۷﴾ رِجَالٌ ۙ لَّا تُلْهِيْهِمْ تِجَارَةٌ
وَّلَا بَيْعٌ عَنْ ذِكْرِ اللّٰهِ وَاِقَامِ الصَّلٰوةِ وَاِيْتَآءِ الزَّكٰوةِ ۙ
يَخَافُوْنَ يَوْمًا تَتَقَلَّبُ فِيْهِ الْقُلُوْبُ وَالْاَبْصَارُ ﴿۳۸﴾
لِيَجْزِيَهُمُ اللّٰهُ اَحْسَنَ مَا عَمِلُوْا وَيَزِيْدَهُمْ مِّنْ
فَضْلِهٖ ۭ وَاللّٰهُ يَرْزُقُ مَنْ يَّشَآءُ بِغَيْرِ حِسَابٍ ﴿۳۹﴾

(24: 37,38,39)

ചില വീടുകളിലാണ് അതുള്ളത്. അവ ഉയർത്തപ്പെടാനും അവയിൽ വച്ച് അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാനും അവൻ കൽപ്പിച്ചിരിക്കുന്നു. അവിടെ വെച്ച് രാവിലെയും വൈകുന്നേരവും അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ചില പുരുഷന്മാർ, അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും നമസ്കാരം നിലനിർത്തുന്നതിൽ നിന്നും സകാത്ത് കൊടുക്കുന്നതിൽ നിന്നും വ്യാപാരമോ ക്രയവിക്രയമോ അവരെ അശ്രദ്ധരാക്കുകയില്ല. ഹൃദയങ്ങളും കണ്ണുകളും അടിമേലായി മറിഞ്ഞു പോകുന്ന ഒരു നാളിനെ അവർ ഭയപ്പെടുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിനു അല്ലാഹു അവർക്ക് ഏറ്റവും നല്ല പ്രതിഫലം നല്കുന്നതാണ്. അവന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് കൂടുതൽ നല്കുകയും ചെയ്യും. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ അവൻ ജീവിത വിഭവം നൽകുന്നതുമാണ്.

അല്ലാഹു തആലാ ന്യൂസ്ലാന്റ് ജമാഅത്തിന് ഇന്ന് ഒരു മസ്ജിദ് നിർമ്മിക്കുവാനുള്ള തൗഫീഖ് നൽകിയിരിക്കുകയാണ്. *ഈ മസ്ജിദ് ജമാഅത്തിന് എല്ലാ നിലയിലും അല്ലാഹു അനുഗ്രഹപൂർണ്ണമാക്കി മാറ്റട്ടെ.*

ന്യൂസ്ലാന്റ് ജമാഅത്ത് ചെറിയൊരു ജമാഅത്താണ്. എല്ലാവരും കൂടി 400 ആളുകളാണുള്ളത്. ഈ മസ്ജിദ് വളരെ മനോഹരവും നല്ല നിലയിലുമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഇപ്പോഴത്തെ അംഗസംഖ്യ വെച്ചു നോക്കുമ്പോൾ ഇതിന്റെ വിസ്തീർണ്ണം കൂടുതലാണ്. *അല്ലാഹു ഇതിനെ വേഗം നിറഞ്ഞു കവിയുന്നതാക്കി മാറ്റട്ടെ.*

പള്ളി നിർമ്മാണത്തിൽ പലരും രാപ്പകൽ ജോലി ചെയ്യുകയുണ്ടായി. ചില ജമാഅത്ത് അംഗങ്ങൾ രാപ്പകലെന്ന് നോക്കാതെ വളരെ ആവേശത്തൊടു കൂടി ഇതിൽ പങ്കാളികളായിട്ടുണ്ടെന്നാണ് എന്നോട് പറയപ്പെട്ടിട്ടുള്ളത്. ജമാഅത്തിൽ പൊതുവിൽ ഉണ്ടാകുന്നതു പോലെ സ്വയം ജോലി ചെയ്ത് ചിലവ് കുറക്കാനും സാധിച്ചിട്ടുണ്ട്.

പള്ളി നിർമ്മാണവും പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും മറ്റുമായി മൂന്നര മില്ല്യന്റെ അടുത്ത് ചെലവ് വന്നിട്ടുണ്ട്. 3.1 മില്ല്യൻ മസ്ജിദിന് വേണ്ടി ചെലവാക്കി. ബാക്കി സംഖ്യ അടുക്കളയും മറ്റു അറ്റകുറ്റ പണികൾക്കും ചെലവായി.

ജമാഅത്തംഗങ്ങൾ കുറവായതു കാരണം പെട്ടെന്ന് ഇത്ര വലിയ സംഖ്യ ജമാഅത്തിന് സ്വരുക്കൂട്ടാൻ സാധിക്കാതെ വന്നു. വാഗ്ദാനങ്ങൾ പൂർത്തിയാക്കാൻ സാധിച്ചില്ല. അതുകൊണ്ട് കടം വാങ്ങേണ്ടതായി വന്നു. ജമാഅത്തംഗങ്ങൾ ഈ കടം ഉടനെ തിരിച്ചു വീട്ടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ഇവിടെ ജമാഅത്ത് സ്ഥാപിതമായിട്ട് 25 വർഷം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ജമാഅത്തിന്റെ അംഗസംഖ്യ കുറവായിരുന്നിട്ടുകൂടി ഒരു മസ്ജിദ് ഉപഹാരമായി അല്ലാഹുവിന് സമർപ്പിക്കുവാനുള്ള ആഗ്രഹം ജമാഅത്തംഗങ്ങൾക്ക് ഉണ്ടായി. അത് ഉണ്ടാകേണ്ടതും തന്നെയാണ്. അല്ലാഹുവിന്റെ സമക്ഷം സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ ഉപഹാരം കടമായി തന്നെ നിൽക്കരുത്. ഉടനെ ഈ കടം വീട്ടാൻ നിങ്ങൾ ശ്രമിക്കേണ്ടതാണ്. അങ്ങനെ നിസ്വാർത്ഥമായ ത്യാഗം ദൈവസമക്ഷം സമർപ്പിക്കുന്നവരായി നിങ്ങൾ മാറുന്നതാണ്.

ജമാഅത്തംഗങ്ങളിൽ പ്രതീക്ഷ അർപ്പിച്ചാണ് ജമാഅത്ത് ഈ കടം വാങ്ങിയത്. ഇതു കൊടുത്തു തീർത്തുകൊണ്ട് അല്ലാഹുവിന്റെ പ്രീതിക്കായി ത്യാഗം ചെയ്തുകൊണ്ട് മസ്ജിദ് നിർമ്മിക്കുന്നവരായി നിങ്ങൾ മാറുക. തിരുനബിﷺ പറയുകയുണ്ടായി: "അല്ലാഹുവിന് വേണ്ടി ഈ ലോകത്ത് വീട് നിർമ്മിച്ചവന് സ്വർഗത്തിൽ അല്ലാഹു ഒരു വീടുണ്ടാക്കി ക്കൊടുക്കുന്നതാണ്."

അല്ലാഹുവിന്റെ സ്വർഗം ആഗ്രഹിക്കാത്തവരാരുണ്ട്? തനിക്ക് വേണ്ടി സ്വർഗത്തിൽ ഒരു വീട് ആഗ്രഹിക്കാത്തവരാരുണ്ട്? അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കുന്നവനായി താൻ മാറരുതെന്ന് ഒരഹ്മദിയും ഒരിക്കലും ചിന്തിക്കില്ല. അല്ലാഹു സ്വർഗത്തിൽ ഉപഹാരമായി നൽകുന്ന വീടിനെ ആഗ്രഹിക്കാത്തവർ ആരും ഉണ്ടാകില്ല.

ധനത്യാഗത്തിൽ ഉത്തരോത്തരം മുന്നേറുന്ന ശീലം അഹ്മദിയ്യാ ജമാഅത്തിന്റെ സൗന്ദര്യമാണ്. ഇത് നമുക്ക് ലോകത്തെവിടെയും കാണാൻ സാധിക്കുന്നു. ഹ: മസീഹ് മൗഊദ് عليه السلام ഇക്കാലത്ത് ഇസ്ലാമിന്റെ സന്ദേശം ലോകമാസകം എത്തിക്കുന്നതിനായി സഹാബാക്കളിൽ ധനത്യാഗത്തിന്റെ ദീപം തെളിയിക്കുകയുണ്ടായി.

സഹാബാക്കളുടെ ആത്മാർത്ഥമായ ത്യാഗവും കൂറും കണ്ട് കൊണ്ട് ആ മഹാത്മാവ് പറയുകയുണ്ടായി: "ഇവരുടെ ഈ ആവേശം കാണുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു."

ജമാഅത്തിന്റെ ഇന്നത്തെ അവസ്ഥയും ഇതുതന്നെയാണ്. എല്ലാ നാട്ടിലേയും അവസ്ഥ ഇതാണ്. ആത്മാർത്ഥതയിലും കൂറിലും എല്ലാ അഹ്മദികളും മുന്നേറിക്കൊണ്ടിക്കുകയാണ്.

ന്യൂസ്‌ലാന്റിൽ ഇപ്പോൾ ജമാഅത്തംഗങ്ങളുടെ അംഗസംഖ്യയിൽ 60 ശതമാനത്തിൽ കൂടുതൽ ആളുകളും ഫിജിയിൽ നിന്നും വന്നവരാണ്. ഏകദേശം 23% പാക്കിസ്ഥാനീ മുഹാജിറുകളുമാണ്. ബാക്കി മറ്റു സമൂഹത്തിൽ നിന്നും വന്നവരാണ്. ചെറിയ ഒരു ജമാഅത്താണെങ്കിലും വിവിധ തരം സമൂഹങ്ങൾ ഇത് ഉൾക്കൊള്ളുന്നു. എന്നാൽ ഇഖ്‌ലാസിലും കൂറിലും ഓരോരുത്തരും മറ്റുള്ളവരെ മുൻകടക്കാനാണ് ശ്രമിക്കുന്നത്. നാം ഓർക്കേണ്ട ഒരു കാര്യം താത്കാലികമായ കൂറോ, സമയത്തിന്റെ ത്യാഗമോ ഒരു യഥാർത്ഥ അഹ്മദിയുടെ സ്വഭാവമല്ല. സ്ഥിരചിത്തതയോടു കൂടി നന്മയിൽ മുന്നേറുക, തഖ്‌വയിലൂടെ ചരിക്കുക, തന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യം എപ്പോഴും ഓർക്കുക, ഇവയാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ മഹത്വം. മഹത്വം ഇതായിരിക്കേണ്ടതാണ്. ജീവിത ലക്ഷ്യത്തെക്കുറിച്ച് അല്ലാഹു പറഞ്ഞത് നാം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ഇതു സംബന്ധമായി ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു: "വിവിധ സമൂഹത്തിലുള്ള ജനങ്ങൾ അറിവില്ലായ്മയും ഭീരുത്വവും കാരണമായി വിവിധതരം കാര്യങ്ങൾ തങ്ങളുടെ ജീവിതലക്ഷ്യമായി നിർണ്ണയിക്കാറുണ്ട്. ഭൗതികതയിൽ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണത് ഇവയെല്ലാം. അതിൽ മാത്രം അവരുടെ ലക്ഷ്യങ്ങൾ ഒതുങ്ങുന്നു. എന്നാൽ അല്ലാഹു തന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന ജീവിത ലക്ഷ്യം ഇതാണ്. وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ ഞാൻ ജിന്നിനേയും മനുഷ്യരേയും സൃഷ്ടിച്ചിരിക്കുന്നത് എന്നെ തിരിച്ചറിയാനും ആരാധിക്കാനും വേണ്ടിയാണ്. ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യ സൃഷ്ടിപ്പിന്റെ യഥാർത്ഥ ലക്ഷ്യം അല്ലാഹുവിനെ ആരാധിക്കുക, അവനെക്കുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കുക, അവനു വേണ്ടിയായിത്തീരുക എന്നതാണ്."

അതിനാൽ ഹ: മസീഹ് മൗഊദ് عليه السلام ന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട് താത്കാലികമായ ആവേശം കാണിക്കുകയും താത്കാലിക ത്യാഗങ്ങൾ സമർപ്പിക്കുകയും ചെയ്യലല്ല നമ്മുടെ ലക്ഷ്യം. സ്ഥിരതയോടു കൂടി അല്ലാഹുവിനെ ആരാധിക്കലണ് നമ്മുടെ ലക്ഷ്യം. അല്ലാഹുവിനെകുറിച്ചുള്ള ജ്ഞാനം ലഭിക്കുമ്പോഴാണ് ആരാധനയുടെ കടമ നിറവേറ്റപ്പെടുക. അല്ലാഹു എല്ലാ കഴിവുകളുടെയും ഉടമസ്ഥനാണെന്ന അറിവുണ്ടായിരിക്കണം. അവൻ എന്റെ എല്ലാ വാക്കും പ്രവർത്തിയും കാണുന്നുണ്ടെന്നും, അവൻ ഭാഹ്യമായ കാര്യങ്ങൾ മാത്രമല്ല കാണുന്നത് മറിച്ച് എന്റെ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ വരെ അവന്റെ ദൃഷ്ടി എത്തുന്നുണ്ടെന്നും, പ്രത്യക്ഷപ്പെടാത്ത എന്റെ നിയ്യത്തുകളെക്കുറിച്ചും അവനറിയാവുന്നതാണെന്നും ഉള്ള ചിന്ത നമുക്കുണ്ടായിത്തീരണം. ഈ ഒരവസ്ഥ കൈവരിച്ചു കഴിഞ്ഞാൽ ആ വ്യക്തി അല്ലാഹുവിന്റെ പ്രീതിക്കായി പ്രവർത്തിക്കുകയാണെന്ന് നമുക്ക് പറയാൻ സാധിക്കും. ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടി മാത്രമാകരുത് ഓരോ പ്രവർത്തിയും. ഓരോ പ്രവർത്തിയും തന്നെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ വേണ്ടിയായിരിക്കണം. അല്ലാഹുവിന്റെ സഹായം ആവശ്യമുള്ളപ്പോൾ മാത്രമാകരുത് നിങ്ങൾ ആരാധന നടത്തുന്നത്. ഏതെങ്കിലും ബുദ്ധിമുട്ടിൽ അകപ്പെടുമ്പോഴോ, നമ്മുടെ ഭൗതിക ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടാതിരിക്കുകയോ മാത്രമാകരുത്. മറിച്ച് സമൃദ്ധിയിലും ആശ്വാസത്തിലും നാം ആരാധിക്കുന്നവരകേണ്ടതാണ്.

ഭൗതികമായ പ്രശ്നങ്ങളോ നൂലാമാലകളോ ബിസിനസ്സോ അല്ലാഹുവിൽ നിന്നും നമ്മേ അകറ്റുന്നതാകരുത്. ഈ മസ്ജിദ് വെറും ഒരു കെട്ടിടം മാത്രമായി അവശേഷിക്കരുത്. ഈ മസ്ജിദിന്റെ വിശാലതയും സൗന്ദര്യവും ഇതിനു വേണ്ടി ഞങ്ങൾ ഇത്രയും സമയം ചെലഴിച്ചുവെന്ന് ഓർമ്മിപ്പിക്കുന്നത് മാത്രമാവരുത്. ഇത് കാണുമ്പോൾ ഇതിനായി ഇത്ര വഖാറെ അമലുകൾ ഞങ്ങൾ ചെയ്തെന്നും ഇത്ര പണം അതു മുഖേന നമുക്ക് മിച്ചം വെക്കാൻ സാധിച്ചെന്നും ഇത്ര മണിക്കൂർ ഞങ്ങൾ ശ്രമദാനം ചെയ്തെന്നും ഇത്ര പണം ഇതിനായി നൽകിയെന്നും ഓർമ്മപ്പെടുത്തുന്നത് മാത്രമാകാതിരിക്കട്ടെ. മറിച്ച് ഈ കെട്ടിടം ഈ ലോകത്ത് അല്ലാഹുവിന് വേണ്ടി വീടുണ്ടാക്കുന്നവർക്ക് പരലോകത്ത് വീട് ലഭിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നതായിരിക്കണം.

എന്നാൽ അവിടെ വീട് ലഭികുന്നത് ഈ വീട് നിർമ്മിച്ചതിനു ശേഷം അതിന്റെ കടമകൾ നിറവേറ്റപ്പെടുമ്പോഴാണ്. മസ്ജിദിന്റെ കടമകൾ നിറവേറ്റപ്പെടുന്നത് ഞാൻ പ്രരംഭത്തിൽ പാരായണം ചെയ്ത വചനങ്ങളിൽ പറഞ്ഞ കാര്യങ്ങൾ പാലിക്കപ്പെടുമ്പോഴാണ്.

അല്ലാഹു പറയുന്നു. لَّا تُلْهِيهِمْ تِجَارَةٌ وَّلَا بَيْعٌ യഥാർത്ഥ വിശ്വാസികളെ അവരുടെ കച്ചവടമോ ക്രയവിക്രയമോ ഒരിക്കലും അശ്രദ്ധമാക്കുന്നില്ല. ഏതിൽ നിന്നാണ് അവരെ അശ്രദ്ധമാക്കാത്തത്? عَنْ ذِكْرِ اللهِ അല്ലാഹുവിന്റെ സമരണയിൽ നിന്ന്. നമസ്കാരം നിലനിർത്തപ്പെടുന്നതിൽ നിന്നും സകാത്ത് നൽകുന്നതിൽ നിന്നും. അതിനാൽ മുകളിൽ പറഞ്ഞ വിശ്വാസികളുടെ ഗുണങ്ങളുള്ള അഹ്മദികളായി നാം മാറേണ്ടതാണ്.

ഇവിടെ മുമ്പും നമസ്കാര സെന്റർ ഉണ്ടായിരുന്നു. നമസ്കാര സെന്ററും മസ്ജിദും തമ്മിൽ ബാഹ്യമായ വ്യത്യാസവുമുണ്ട്. സെന്റർ ഒരു ഹാൾ മാത്രമായിരിക്കും. മസ്ജിദിന് മിനാരവും കുബ്ബയും ഉണ്ടാകും. മസ്ജിദ് എന്ന പേര് വരുമ്പോൾ തന്നെ അതിന് പ്രത്യേകമായ ഒരു പവിത്രത മനസ്സുകളിൽ തെളിയുന്നു. ഇവിടെ ഒരു മസ്ജിദ് നിർമ്മിക്കുക എന്ന് എന്റെ ആദ്യ സന്ദർശനത്തിൽ ഞാൻ നിങ്ങളോട് പറഞ്ഞപ്പോൾ അതിന്റെ മിനാരവും കുബ്ബയും എല്ലാം തന്നെ അതിന്റെ കടമ നിറവേറ്റുന്നതിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കുമെന്ന് എന്റെ മനസ്സിലുണ്ടായിരുന്നു. സമയവും ധനവും എല്ലാം ചെലവഴിച്ചുകൊണ്ട് നാം നിർമ്മിച്ച ഈ മസ്ജിദിനോടുള്ള കടമ നിറവേറ്റാനുള്ള ചിന്ത നിങ്ങളിൽ ഉണ്ടാവണം. അതോടൊപ്പം മസ്ജിദിന്റെ മിനാരവും കുബ്ബയും ചുറ്റുപാടുമുള്ളവരുടെയും ശ്രദ്ധ ഇതിലേക്ക് ആകർഷിപ്പിക്കാൻ ഉതകുന്നതാണ്. ഇതു മുഖേന തബ്‌ലീഗിനുള്ള വഴികൾ തുറക്കപ്പെടുന്നതാണ്. ജനങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കും. ഇസ്‌ലാമിന്റെ ശരിയായ ചിത്രം കാണാൻ ജനങ്ങൾ ഇവിടെ വരും. അല്ലെങ്കിൽ ഇവർ ഏതു തരം മുസ്‌ലീംകളാണെന്ന് നോക്കാൻ ജനങ്ങൾ ഇവിടേക്ക് വരും.

മസ്ജിദിന്റെ നിർമ്മാണത്തോടു കൂടി അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചുള്ള പ്രചാരം പലമടങ്ങ് വർദ്ധിച്ചതായിട്ടാണ് എനിക്ക് ഇതു വരെയുള്ള അനുഭവങ്ങൾ.

ഇങ്ങനെ ജനങ്ങൾ അറിയുന്നതു കാരണം ഈ മസ്ജിദിനോടുള്ള കടമ നിറവേറ്റപ്പെടുന്നതിലേക്കും ശ്രദ്ധയുണ്ടാകുന്നതാണ്. ഇവിടെ താമസിക്കുന്നവർ അതിന്റെ കടമ നിറവേറ്റുന്നവരായിമാറുന്നതാണ്. ജമാഅത്തംഗങ്ങൾക്ക് ഇതിലേക്ക് ശ്രദ്ധയുണ്ടായിത്തീരുന്നു. ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

മസ്ജിദിന്റെ കടമ എന്താണ്? നിങ്ങളുടെ കച്ചവടവും ക്രയവിക്രയവും നിങ്ങളുടെ ജോലിത്തിരക്കും നിങ്ങളെ അല്ലാഹുവിന്റെ സ്മരണയിൽ നിന്നും അകറ്റുന്നതായിരിക്കരുത്. മറിച്ച് ഈ കച്ചവടങ്ങളും നിങ്ങളെ അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുന്നതാക്കി മാറ്റേണ്ടതാണ്. **ഹയ്യ അല സ്വലാത്ത്** നമസ്കാരത്തിലേക്ക് വരിക എന്ന ശബ്ദം കേൾക്കുമ്പോൾ കച്ചവടമെല്ലാം മറന്നുകളയുക. എല്ലാ ബിസ്നസുകളും മറന്നു കളയുക. എന്നിട്ട് മസ്ജിദിലേക്ക് കുതിക്കുക. ദൂരം കൂടുതലാണെന്നോ, ബാങ്ക് അകത്ത് മാത്രമാണല്ലോ കേൾക്കുക (ഇന്ന് കൊടുത്ത ബാങ്ക് വളരെ പതുങ്ങിയ സ്വരത്തിലായിരുന്നു. അത് ഹാളിലും വളരെ കുറച്ചേ കേട്ടിട്ടുള്ളൂ.) അതു കൊണ്ട് ഞങ്ങൾക്ക് വരാൻ പറ്റുമോ എന്ന് ആർക്കെങ്കിലും ഇക്കാലത്ത് പറയാൻ പറ്റുമോ. എന്നാൽ ഇക്കാര്യത്തിൽ ശ്രദ്ധ നമുക്കാണുണ്ടാകേണ്ടത്. കാരണം മസ്ജിദ് നാമാണ് നിർമ്മിച്ചത്. അല്ലാഹുവിനെ ആരാധിക്കുന്ന കടമ നിറവേറ്റാണ് ഇത് ഉണ്ടാക്കിയിരിക്കുന്നത്. നമ്മുടെ ലക്ഷ്യം തിരിച്ചറിയുന്നതിനാണ് ഇത് നിർമ്മിച്ചത്.

മാത്രമല്ല, ഇക്കാലത്ത് എല്ലാവരും മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ട്. അതിനെ നല്ല രീതിയിൽ ഉപയോഗിക്കുക. നമസ്കാരത്തിന്റെ സമയം വരുമ്പോൾ ബാങ്കിന്റെ ശബ്ദത്തിൽ അലാറം വെക്കുക. പള്ളിയുടെ അടുത്തുള്ളവർ പള്ളിയിൽ വന്ന് നമസ്കരിക്കുക. ദൂരെയുള്ളവർ നമസ്കാരമനുഷ്ടിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. നിങ്ങളുടെ ജോലി സ്ഥലത്ത് നമസ്കാരത്തിൽ ശ്രദ്ധിച്ചുകൊണ്ട് അതനുഷ്ടിക്കുമ്പോൾ ജനങ്ങൾ നിങ്ങളിലേക്ക് ശ്രദ്ധിക്കുകയും ഇവരേത് കൂട്ടരാണെന്നറിയാൻ ശ്രമിക്കുകയും ചെയ്യും. ഇത്പോലെ മസ്ജിദിന്റെ ഈ കെട്ടിടവും തബ്‌ലീഗിനുള്ള മാർഗമായിത്തീരുന്നതാണ്. നിങ്ങൾ നിങ്ങളുടെ സുഹൃത്തുക്കളെ മസ്ജിദിലേക്ക് ക്ഷണിക്കണം. അല്ലാഹുവിന്റെ സ്മരണ ഇവിടെ നടക്കുന്നതോടൊപ്പം അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്ന പ്രവർത്തനം നടക്കുകയും ചെയ്യും. അങ്ങനെ നന്മയുടെ ശൃംഖല അല്ലാഹുവിന്റെ സാമീപ്യം നൽകുന്നതായി മാറുന്നതാണ്.

തിരുനബി ﷺ തന്റെ സഹാബാക്കളിൽ വലിയ പരിവർത്തനമാണ് ഉണ്ടാക്കിയിരുന്നത്. തിരുനബി ﷺ യുടെ സഹാബികളുടെ ഉദാഹരണമാണ് മുകളിലെ ആയത്തിൽ അല്ലാഹു നൽകുന്നത്. ഇവർ കോടിക്കണക്കിനുള്ള ബിസിനസ്സുകൾ നടത്തിക്കൊണ്ടിരിന്നിട്ടും അല്ലാഹുവിന്റെ സ്മരണയിൽ ഹൃദയം നിറഞ്ഞു നിന്നിരുന്നു. നമസ്കാരമനുഷ്ടിക്കുന്ന കാര്യത്തിൽ ശ്രദ്ധയുണ്ടായിരുന്നു. സാമ്പത്തിക ത്യഗത്തിലേക്ക് അവരുടെ ശ്രദ്ധയുണ്ടായിരുന്നു. ഈ ഒരു വിപ്ലവം സംജാതമാക്കാനാണ് ഇക്കാലത്ത് തിരുനബി ﷺ യുടെ പ്രിയ ദാസനെ അല്ലാഹു അയച്ചത്. അല്ലാഹുവുമയുള്ള ബന്ധം നിങ്ങൾ ശക്തിപ്പെടുത്തുക. നിങ്ങളുടെ നമസ്കാരങ്ങളെ ശ്രദ്ധിക്കുക. നിങ്ങളുടെ സമ്പത്തിനെ ശുദ്ധീകരിക്കാനായി സാമ്പത്തിക ത്യാഗം ചെയ്യുക.

സാമ്പത്തിക ത്യാഗത്തിന്റെ കാര്യത്തിൽ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുമ്പന്തിയിലാണെന്ന കാര്യം ഞാൻ പറയാറുള്ളതാണ്. ജമാഅത്ത് ചരിത്രം ഇത് നമ്മോട് പറയുകയും ചെയ്യുന്നു. മുന്നേറിക്കൊണ്ടിരിക്കുന്നു എന്ന് മാത്രമല്ല ഇക്കാര്യത്തിൽ എപ്പോഴും ശ്രദ്ധയും ഉണ്ടായിരിക്കും. എന്നാൽ നമസ്കാരം നിലനിർത്തുന്ന കാര്യത്തിലേക്കും വളരെയധികം ശ്രദ്ധ അനിവാര്യമാണ്. ഇബാദത്തിന്റെ ഉന്നത സ്ഥാനം കരസ്ഥമാക്കുന്ന കാര്യത്തിൽ ഇപ്പോൾ വളരെയധികം ശ്രദ്ധിക്കേണ്ടിയിരികുന്നു. ഇതിലേക്കും ശ്രദ്ധയുണ്ടാകേണ്ടതാണ്. പള്ളിയിൽ എപ്പോഴും വന്നുകൊണ്ടിരിക്കുക.

നമസ്കാരം നിലനിർത്തപ്പെടുന്നത് ജമാഅത്തായ നമസ്കാരം അനുഷ്ടിക്കപ്പെടുമ്പോഴാണ്. മസ്ജിദ് നിർമ്മിക്കുന്നതും ജമാഅത്തായ നമസ്കാരം അനുഷ്ഠിക്കപ്പെടുന്നതിന് വേണ്ടിയാണ്. അല്ലാഹു പറയുന്നു: യഥാർത്ഥ വിശ്വാസിക്ക് ഈ ലോകത്തേക്കാൾ കൂടുതൽ ചിന്ത പരലോകത്തെ കുറിച്ചായിരിക്കും ഉണ്ടാകുക. മനുഷ്യർ വാർദ്ധക്യത്തിൽ എത്തുമ്പോൾ, പരലോകത്തെ കുറിച്ചുള്ള ചിന്ത അധികരിക്കുന്നു. വിലപിക്കുകയും പ്രാർഥനയിൽ മുഴുകുകയും ചെയ്യുന്നു. ദുആക്കായി പറയുകയും ചെയ്യുന്നു. പര്യവസാനം നന്നായിത്തീരാനായി പ്രാർഥിക്കാൻ പറയുന്നു. അല്ലാഹു പറയുന്നു; യഥാർത്ഥ വിശ്വാസികളുടെ ഈ അവസ്ഥ തന്റെ വയസ്സിന്റെ അവസാന നാളുകളിലല്ല ഉണ്ടാകുക. മറിച്ച് അല്ലാഹുവിലേക്ക് അവരുടെ ശ്രദ്ധ, ആരാധനയിലേക്കുള്ള അവരുടെ ശ്രദ്ധ, തങ്ങളുടെ ഹൃദയശുദ്ധി വരുത്താനുള്ള പ്രയത്നം യുവത്വത്തിലും സന്തോഷനാളുകളും എല്ലാം ഉണ്ടാകുന്നു. യുവത്വത്തിലും സന്തോഷനാളുകളിലും രാവിലും പകലിലും അല്ലാഹുവിനെ അവർ ഓർക്കുന്നു. പരലോക ഭയമാണ് അവർക്ക് എപ്പോഴും ഉണ്ടാകുന്നത്. അവരുടെ ഹൃദയം വിറകൊള്ളുന്നതാണ്.

ഞാൻ തിരുനബി ﷺ യുടെ സഹാബാക്കളുടെ അവസ്ഥ വിവരിക്കുകയുണ്ടായി സഹാബാക്കളുടെ അവസ്ഥ ഓർത്തു കൊണ്ട് ആ മഹാത്മാവ് ഒരു സ്ഥലത്ത് പറയുന്നു."എപ്പോഴും ഹൃദയം ദുഃഖത്തിൽ അമർന്നു കൊണ്ടിരിക്കുന്നു. *അല്ലാഹു നമ്മുടെ ജമാഅത്തിലുള്ളവർക്കും സഹാബാക്കൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ തന്നെ നൽകുമാറാകട്ടെ. സഹാബാക്കൾക്കുണ്ടായിരുന്നതു പോലുള്ള സത്യസന്ധതയും ആത്മാർത്ഥതയും അനുസരണവും ഇവരിലും ഉണ്ടാകുമാറാകട്ടെ. അല്ലാഹുവിനെയല്ലാതെ മറ്റാരെയും അവർ ഭയപ്പെടാതിരിക്കട്ടെ. അവർ ദൈവഭക്തിയുള്ളവരായിത്തീരട്ടെ.* അല്ലാഹുവിന്റെ സ്നേഹം ദൈവഭക്തിയുള്ളവരുടെ കൂടെയാനുണ്ടാകുക. اَنَّ اللّٰهَ مَعَ الْمُتَّقِيْنَ "

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കണമെന്നുണ്ടെങ്കിൽ നിങ്ങളുടെ വീടുകളെ അല്ലാഹുവിന്റെ കല്പനകളാൽ ഉയർത്തപ്പെടുന്ന വീടുകളുടെ ഗണത്തിൽ ഉൾപ്പെടുത്തുക. അതിനാൽ അല്ലാഹുവിന്റെ സ്മരണയാൽ വീടുകളെയും നിറക്കേണ്ട ആവശ്യമാണുള്ളത്. അല്ലാഹുവിന്റെ ഭയവും എപ്പോഴും ഹൃദയത്തിൽ നിലനിർത്തേണ്ട ആവശ്യമുണ്ട്. ലോകത്തെക്കുറിച്ചുള്ള ഭയം, ഭൗതിക കച്ചവടങ്ങളെക്കുറിച്ചുള്ള ഭയം, ഇവയെല്ലാം തന്നെ അല്ലാഹുവിന്റെ ഭയത്തിനു മുമ്പിൽ ഒന്നും ആയിരിക്കരുത്. ഹ: മസീഹ് മൗഊദ് عليه السلام തന്റെ ജമാഅത്തിന് പലപ്പോഴായി നൽകിയിട്ടുള്ള ഉപദേശം ഇവയാണ്: നിങ്ങൾ തഖ്‌വ സ്വായത്തമാക്കുക. (ഇതെന്റെ വാക്കുകളാണ്) അല്ലാഹുവിനെ മറ്റെല്ലാറ്റിനേക്കാളും മുന്തിക്കുക. ഭൗതികതയുടെ പിന്നാലെ പോകുന്നതിലൂടെ കുറച്ചു കാലത്തേക്ക് താത്കാലിക ഗുണം ലഭിച്ചെങ്കിലായി. അതിലും എപ്പോഴും എന്തു സംഭവിക്കും എന്ന അസ്വസ്ഥതയാണുണ്ടാകുക. എന്നാൽ അല്ലാഹുവിനെ അന്വേഷിച്ചുകൊണ്ടിരുന്നാൽ, അവന്റെതായിത്തീർന്നാൽ, ദീനും ലഭിക്കും, ദുൻയാവും ലഭിക്കും. അല്ലാഹുവിനെയും ലഭിക്കും, ഭൗതികതയും ലഭിക്കും.

തിരുനബി ﷺ യുടെ സഹാബാക്കൾ رضي الله عنهم കോടികളുടെ ബിസ്നസ്സ് നടത്തിയിരുന്നു. എന്നാലും ഒരിക്കലും തങ്ങളുടെ ആരാധനകളെ അവർ മറന്നില്ല. ഒരിക്കലും ദൈവസ്മരണയെ അവർ മറന്നില്ല. അല്ലാവിനോടുള്ള ഭയത്തെ ഒരിക്കലും അവർ മറന്നില്ല. അതിനാൽ ഇക്കാലത്ത് ഹ: മസീഹ് മൗഊദ് عليه السلام ന്റെ ബൈഅത്തിൽ വന്ന നാം നമ്മിൽ പരിശുദ്ധമാറ്റം വരുത്തുമെന്ന് പറയുന്നു. യഥാർത്ഥ അർഥത്തിൽ പരിവർത്തനം വരുത്തുമ്പോഴാണ് ഫലപ്രദമായിത്തീരുക. വെറും വീരവാദം മാത്രമായിരിക്കരുത്. ഈ പരിശുദ്ധ മാറ്റം ശരിയായ അർഥത്തിൽ നിങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ, തഖ്‌വയിൽ ചരിക്കുന്നവരായി നിങ്ങൾ മാറുകയാണെങ്കിൽ, നിങ്ങളുടെ നമസ്കാരം സമയത്ത് തന്നെ അല്ലാഹുവിന്റെ പ്രീതിക്കായി അനുഷ്ടിക്കുകയും അതോടൊപ്പം മറ്റു പ്രവർത്തികളും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കായി ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ പക്കൽ പ്രതിഫലം കരസ്ഥമാക്കുന്നവരായി മാറുമെന്ന് അവൻ പറയുന്നു. നിങ്ങളുടെ ഭൗതിക ആവശ്യങ്ങൾ പൂർത്തിയാക്കപ്പെടുന്നതാണ്. ആത്മീയ ഭാഷണവും ലഭിക്കുന്നതാണ്.

അല്ലാഹു ഭൗതിക പ്രവർത്തികൾ, ജോലികൾ ചെയ്യരുതെന്ന് പറഞ്ഞിട്ടില്ല. മറിച്ച് പറഞ്ഞത് അല്ലാഹുവിന്റെ സ്മരണ ഒരിക്കലും മറന്നു പോകരുത്. ഭൗതിക ജോലികൾ കാരണം നമസ്കാരം നഷ്ടപ്പെടുത്തുന്നവരും സൃഷ്ടിപ്പിന്റെ ലക്ഷ്യം മറക്കുന്നവരായി നിങ്ങൾ മാറരുത്. ഹ: മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു. നിങ്ങൾ നമസ്കാരം മറക്കുന്നവരും, ഭൗതിക ജോലികളിൽ നിമഗ്നരുമാണെങ്കിൽ നിങ്ങൾക്കും മറ്റുള്ളവരും തമ്മിൽ എന്താണ് അന്തരമുള്ളത്? ഈ ബൈഅത്തു കൊണ്ട് എന്ത് പ്രയോജനമാണുള്ളത്. ഈ അന്തരത്തെ പ്രകടമാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നാം നമ്മേ ഹ: മസീഹ് മൗഊദ് عليه السلام ന്റെ ബൈഅത്തിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ഇത് വ്യക്തമാക്കേണ്ടതാണ്. നാം നമ്മുടെ ഓരോ വാക്കും പ്രവർത്തിയും തന്നെ അല്ലാഹുവിന്റെ പ്രീതിക്കനുഗുണമാക്കി വെക്കുമ്പോഴാണ് ഇത് വ്യക്തമാക്കപെടുന്നത്. നമ്മുടെ ഹൃദയത്തിൽ ദൈവഭയം ഉണ്ടാകുമ്പോഴും, നമ്മുടെ ദൃഷ്ടി ഈ ലോകത്തെ അപേക്ഷിച്ച് പരലോകത്തേക്ക് പതിയുമ്പോഴുമായിരിക്കും ഈ വ്യത്യാസം പ്രകടമാകുന്നത്. ഹ: മസീഹ് മൗഊദ് عليه السلام ഇതിനെ വ്യക്തമാക്കിക്കൊണ്ട് ഇപ്രകാരം പറയുന്നു: ഓർക്കുക! അല്ലാഹുവിന്റെ പരിപൂർണ്ണ ദാസരെക്കുറിച്ച് പറഞ്ഞിരിക്കുന്നത് لَا تُلْهِيهِمْ تِجَارَةٌ وَّلَا بَيْعٌ عَنْ ذِكْرِ اللّٰهِ എന്നാണ്. അല്ലാഹുവുമായി യഥാർത്ഥ ബന്ധവും സ്നേഹവും ഹൃദയത്തിൽ ഉണ്ടാക്കിയെടുത്താൽ പിന്നീട് അത് അവനിൽ നിന്നും അകലുക തന്നെയില്ല. ഇതിന്റെ ഒരവസ്ഥ നമുക്ക് ഇപ്രകാരം മനസ്സിലാക്കാം. ഒരാളുടെ കുട്ടി രോഗിയാണെങ്കിൽ ആ വ്യക്തി എവിടെ പോയാലും ഏതു ജോലിയിൽ മുഴുകിയാലും അവന്റെ ഹൃദയവും ശ്രദ്ധയും എല്ലാം കുട്ടിയിൽ ആയിരിക്കും. ഇതേ പോലെ ആരാണോ അല്ലാഹുമായി സംശുദ്ധമായ ബന്ധവും സ്നേഹവും ഉണ്ടാകുന്നത് ഒരവസ്ഥയിലും അവർ അല്ലാഹുവിനെ മറക്കുന്നില്ല."

മറ്റൊരു സ്ഥലത്ത് പറയുന്നു: "ദീനും ദുൻയാവും ഒരു സ്ഥലത്ത് ഒന്നിക്കുന്നതല്ല. (ഇത് ശരിയാണ്) എന്നാൽ കൃഷിക്കാരൻ കൃഷിയും, കച്ചവടക്കാരൻ കച്ചവടത്തെയും, ഉദ്യോഗാർഥികൾ തങ്ങളുടെ ഉദ്യോഗവും, വ്യവസായികൾ തങ്ങളുടെ വ്യവസായങ്ങളും ഉപേക്ഷിക്കണം എന്നല്ല നാം പറയുന്നത്. എന്നിട്ട് കയ്യും കെട്ടി ഇരിക്കണമെന്നുമല്ല ഇതിന്റെ അർത്ഥം. മറിച്ച് നാം പറയുന്നത് ***ദസ്ത് ബാ കാറ് വ ദിൽ ബാ യാറ്*** എന്ന അവസ്ഥ ആയിരിക്കണം. കൈ പ്രവർത്തന നിരതവും ഹൃദയം ദൈവസ്മരണയിൽ മുഴുകുകയും ചെയ്യണം. കച്ചവടക്കാരൻ കച്ചവടത്തിലും കർഷകൻ കൃഷിയിലും, രാജാവ് ഭരണകാര്യത്തിലും ശ്രദ്ധിക്കണം. ഓരോരുത്തരും അവരവരുടെ പ്രവർത്തനത്തിൽ അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കി പ്രവർത്തിക്കുക.
അവന്റെ മഹത്വവും പ്രതാപവും മുമ്പിൽ കാണുകയും അവന്റെ കല്പനകളും നിരോധിച്ച കാര്യങ്ങളും ശ്രദ്ധിച്ചുക്കൊണ്ട് എന്തു വേണമെങ്കിലും പ്രവർത്തിക്കാം. അല്ലാഹു ചെയ്യാൻ പറഞ്ഞ കാര്യങ്ങൾ ചെയ്യുക, അല്ലാഹു വിലക്കിയ കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുക. അല്ലാഹുവിന്റെ കല്പന മുമ്പിൽ വെക്കുമ്പോൾ, ഒരു പ്രവർത്തന രൂപം മുമ്പിൽ വരുന്നതാണ്. അതിന്റെ പരിധിയിൽ നിന്നുകൊണ്ട് മനുഷ്യൻ പ്രവർത്തിക്കുന്നതായിരിക്കും.'എന്തുതന്നെ വേണമെങ്കിലും ചെയ്യുക' എന്നതിന്റെ അർത്ഥം അല്ലാഹു പറഞ്ഞ മാർഗങ്ങളല്ലാതെ മറ്റു മാർഗങ്ങൾ നിങ്ങൾക്ക് സ്വീകരിക്കാൻ കഴിയില്ല എന്നാണ്.

പറയുന്നു: 'അല്ലാഹുവിനെ ഭയക്കുക. എല്ലാം ചെയ്യുക. വ്യവസായവും മറ്റുമെല്ലാം ഉപേക്ഷിച്ച് വികലാംഗരെ പോലെ നിഷ്ക്രിയരായിരിക്കണം എന്ന് ഇസ്ലാം എവിടെയാണ് പഠിപ്പിക്കുന്നത്. മറ്റുള്ളവരെ സേവിക്കുന്നതിന് പകരം മറ്റുള്ളവർക്ക് ഭാരമായിത്തീരാനും അത് പഠിപ്പിക്കുന്നില്ല. (വെറുതെയിരിക്കാൻ ഇസ്‌ലാം പാഠം നൽകുന്നില്ല. ദിക്റെ ഇലാഹി വേണം. അതൊടൊപ്പം തൊഴിലും നിർബന്ധമായും ചെയ്യണം.) അലസത കാണിക്കുക എന്നത് പാപമായിട്ടാണ് പറയുന്നത്. അങ്ങനെയുള്ള വ്യക്തിക്കൾക്ക് അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി എന്ത് സേവനമാണ് ചെയ്യാൻ സാധിക്കുക? ഭാര്യ മക്കളെ അല്ലാഹു അവനെ ഏൽപ്പിച്ചിരിക്കുകയാണ്. അവരെ ഇവൻ എവിടെനിന്ന് തീറ്റിപ്പോറ്റും. ഓർക്കുക! ഭൗതികത പൂർണ്ണമായും ഉപേക്ഷിക്കണം എന്നതല്ല അല്ലാഹു ഉദ്ദേശിക്കുന്നത്. മറിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യം قَدْ اَفْلَحَ مَنْ زَكّٰهَا എന്നതാണ്. കച്ചവടം ചെയ്യുക, കൃഷി നടത്തുക, ജോലി ചെയ്യുക, മറ്റു വേലകളും ചെയ്യുക, ഏതു ജോലി ചെയ്താലും ഏതുതരം പ്രവർത്തനങ്ങളിൽ മുഴുകിയാലും തന്റെ ആത്മാവിനെ അല്ലാഹുവിനെ ലംഘിക്കുന്നതിൽ നിന്നും തടയുക. തങ്ങളുടെ നഫ്സിനെ പരിശുദ്ധമാക്കുന്നവരാണ് ജയിക്കുന്നത്. ഈ പ്രവർത്തികൾ നിങ്ങളെ ശുദ്ധീകരിക്കും. അങ്ങനെയായാൽ നിങ്ങളുടെ ദുൻയാവും ദീനായിത്തീരുന്നതാണ്. നിയ്യത്ത് ശരിയാണെങ്കിൽ ഈ കച്ചവടവും ജോലിയും തൊഴിലും എല്ലാം ആരാധനയായി മാറുന്നതാണ്. അല്ലാഹുവിന്റെ കല്പനകൾ പാലിക്കുമെന്ന പ്രതിജ്ഞയുണ്ടായിരിക്കണം.

പറയുന്നു: മനുഷ്യൻ ഭൗതിക ലോകത്തിനായല്ല സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഹൃദയം വിശുദ്ധമായിരിക്കണം. അല്ലാഹുവിനെ പ്രീതിപ്പെടുത്താൻ എങ്ങനെ സാധിക്കും എന്ന ചിന്തയായിരിക്കണം എപ്പോഴും ഉണ്ടാകേണ്ടത്. അങ്ങനെയാണെങ്കിൽ ദുൻയാവും അവർക്ക് ഹലാലായിത്തീരുന്നതാണ്. **ഇന്നമൽ അഅ്മാലു ബിന്നിയ്യത്ത്** ഓരോ പ്രവർത്തനത്തിന്റെയും ഫലം അതിന്റെ ഉദ്ദേശ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു."

ഈ അവസ്ഥയാണ് ഓരോ അഹ്മദിയുടേതുമായിത്തീരേണ്ടത്. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തതിന്റെ അർത്ഥം ഞങ്ങളുടെ ദുൻയാവും ദീനിന്റെ കീഴിലായിരിക്കുമെന്നാണ്.

അല്ലാഹുവിന്റെ പ്രീതിക്കും ലക്ഷ്യങ്ങൾക്കും വിരുദ്ധമായി ഒരു പ്രവർത്തനവും തന്നെ ഞങ്ങളിൽ നിന്നും വരുന്നതല്ല.

അതിനാൽ ഈ ചിന്ത വെച്ചു പുലർത്തുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരും ഭാഗ്യവാന്മാരാണ്. ഈ ചിന്തയില്ലെങ്കിൽ നമ്മുടെ ബൈഅത്ത് നമുക്കൊരു പ്രയോജനവും ചെയ്യില്ല. മസ്ജിദ് നിർമ്മാണവും ഒരു പ്രയോജനവും ചെയ്യില്ല. ഈ ദിനങ്ങളിൽ നിങ്ങളുടെ ജൽസയും നടക്കുകയാണ്.

ഈ ചിന്തയില്ലെങ്കിൽ ഈ ജൽസയയും ഒരു പ്രയോജനവും നൽകില്ല. ഹ: മസീഹ് മൗഊദ് عليه السلام പറഞ്ഞതും ഈ ജൽസ ഒരു ഭൗതിക മേളയല്ലെന്നാണ്. അതിനാൽ ഈ ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യവും അല്ലാഹുവിന്റെ പ്രീതി കരസ്ഥ മാക്കുക, മതപരമായ അറിവ് കരസ്ഥമാക്കുക, ആത്മീയ ജ്ഞാനം കരസ്ഥമാക്കുക എന്നിവയാണ്.

അതിനാൽ ഞാൻ പറഞ്ഞതു പോലെ ഈ മസ്ജിദിന്റെ നിർമ്മാണത്തോടു കൂടി നിങ്ങളിൽ പരിശുദ്ധമായ ഒരു മാറ്റം ഉണ്ടാക്കേണ്ടതാണ്. ഇനി തബ്‌ലീഗിനുള്ള പുതിയ വഴികൾ തുറക്കപ്പെടുന്നതാണ് إن شاء الله നിങ്ങളുടെ പ്രവർത്തനങ്ങൾ കാണുമ്പോൾ ജനങ്ങൾക്ക് ഇസ്‌ലാമിലേക്ക് ശ്രദ്ധ തിരിയും. അതിനാൽ നിങ്ങളുടെ പ്രവർത്തനത്തെയും അല്ലാഹുവിന്റെ പ്രീതിക്ക് അനുഗുണമാക്കിമാറ്റുക.

തബ്‌ലീഗ് കാര്യത്തിൽ കീഴ്ഘടകങ്ങളുടെയും ജമാഅത്ത് സംവിധാനത്തിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ ഇവിടെ നാം പൊതുവിൽ ചെയ്തു വരാറുള്ള തബ്‌ലീഗ് രീതിയിൽ മാത്രം ആശ്രയിക്കാതിരിക്കുക. ഞങ്ങൾ ചെയ്യുന്നത് മതിയെന്ന് പറഞ്ഞ് ഇരുന്ന് കളയരുത്. തബ്‌ലീഗിനായി പുതിയ പുതിയ മാർഗങ്ങൾ അന്വേഷിക്കുകയാണ് വേണ്ടത്. പുതിയ രീതിയിൽ അവലംബിക്കുക. ഇസ്‌ലാമിനെ കൂടുതലായി പരിചയപ്പെടുത്തുക. മോറി ഭാഷയിൽ വിശുദ്ധ ഖുർആൻ പരിഭാഷ തയ്യാറായപ്പോൾ ഇതും ജമാഅത്തിനെ പരിചയപ്പെടുത്തുകയുണ്ടായി. രണ്ട് ദിവസം മുമ്പ് നടന്ന പരിപാടിയെക്കുറിച്ച് അവരുടെ ഭാഷയിലുള്ള ടി.വി യും റേഡിയോയും വളരെ നല്ല ന്യൂസ് കവറേജാണ് നൽകിയിരികുന്നത്. മസ്ജിദിന്റെ ഉദ്ഘാടനത്തോടു കൂടി ജമാഅത്ത് വീണ്ടും പരിചയപ്പെടുത്തപ്പെടുന്നതാണ്.

അല്ലാഹു ഒരുക്കിയിരിക്കുന്ന ഈ എല്ലാ സംവിധാനങ്ങളും അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനായി ഇതിനെ ഉപയോഗപ്പെടുത്തുകയാണെങ്കിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നാം മാറുന്നതാണ്. അതിനാൽ ഇന്ന് നിങ്ങളുടെ ആരാധനയുടെ കടമ നിറവേറ്റുന്നതാണെന്ന് പ്രതിജ്ഞ യെടുക്കുന്നതോടൊപ്പം ഉന്നത ധാർമ്മിക ഗുണങ്ങൾ പ്രകടിപ്പിച്ചു കൊണ്ടും അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കിക്കൊണ്ടും പരസ്പരമുള്ള സ്നേഹവും സഹകരണവും വർദ്ധിപ്പിക്കുകയും ചെയ്യുക. ഈ പ്രദേശവാസികൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക. ഇസ്‌ലാമിന്നെതിരിൽ വ്യാപിച്ചിരിക്കുന്ന തെറ്റിധാരണകളെ അകറ്റാൻ ശ്രമിക്കുക. അംഗസംഖ്യ കുറവാണെങ്കിലും നിങ്ങളുടെ ലക്ഷ്യം സുദൃഢമാണെങ്കിൽ, നല്ല ധൈര്യമുണ്ടെങ്കിൽ ഈ ചെറുസംഘത്തിലും പലതും ചെയ്യാൻ സാധിക്കുന്നതാണ്. *അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകട്ടെ.*

നിങ്ങൾ നിർമ്മിച്ചിരിക്കുന്ന ഈ മനോഹര മസ്ജിദ് ലോകത്തുള്ള അഹ്മദികൾ എം.ടി.എ യിലൂടെ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ വിവരണം അറിയാൻ അവർക്ക് ആഗ്രഹമുണ്ടായിരിക്കും. ഇതിന്റെ ചുരുങ്ങിയ വിവരണം നൽകുകയാണ്. ഇതിനുവന്ന ചെലവ് 3.2 മില്ല്യൻ ഡോളറാണ്. മസ്ജിദ് ബൈത്തുൽ മുഖീത്ത് എന്നതാണ് ഇതിന്റെ പേര്. ആദ്യം ഹാളിന്റെ പേരും ഇതായിരുന്നു. ഇത് നല്ല സ്ഥലത്താണ്. റയിൽവേ സ്റ്റേഷനും രണ്ട് മെയിൻ റോഡുകൾക്കും വളരെ അടുത്താണ്. ഒന്നേമുക്കാൽ ഏക്കറാണ് ഇതിന്റെ വിസ്തീർണ്ണം. 1999 ലാണ് ഇത് വാങ്ങിയത്. 256 ചതുരശ്ര മീറ്ററിന്റെ ഒരു ഹാൾ മുമ്പുണ്ടായിരുന്നു. 2002 ൽ ലജ്നക്ക് വേണ്ടി ഒരു പ്രത്യേക ഹാൾ നിർമ്മിച്ചു. 112 ചതുരശ്ര മീറ്ററാണ് അതിന്റെ വിസ്തീർണ്ണം. ഇവ രണ്ടും നമസ്കാര സെന്ററായി ഉപയോഗിച്ചു പോന്നു. ഹാളിന്റെ മുകളിൽ മിഷനറിയുടെ വീടുണ്ട്.

2006 ൽ ഞാൻ ഇവിടെ സന്ദർശിച്ചപ്പോൾ മസിജിദ് നിർമ്മിക്കാനായി അപേക്ഷിച്ചു. ജൂലൈ 2012 ന് ഇതിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങി. ഓഗസ്റ്റ് 2013 നാണ് പണി പൂർത്തിയായത്. ഇരുനിലകെട്ടിടമാണ്. താഴത്തെ നില ലജ്നകൾക്കാണ് 239 ചതുരശ്ര മീറ്ററാന് അതിന്റെ വിസ്തീർണ്ണം. താഴെ ഓഡിയോ വീഡിയോ റൂം, കോൺഫ്രൻസ് റൂം, വുളു ചെയ്യാനുള്ള സൗകര്യം എല്ലാം ഉണ്ട്. മിനാരം പുറത്ത് നിന്ന് കാണുന്നതാണ്. എം.ടി.എ മുഖേന ലോകം ഇത് കണ്ടിരിക്കും. പതിനെട്ടര മീറ്റർ ഉയരമുള്ളതാണ്. കുബ്ബയുടെ സൈസ് 8 മീറ്റർ ആണ്.

ഇവരുടെ കൗൺസിലിന്റെ കണക്കനുസരിച്ച് പള്ളിയുടെ രണ്ട് ഹാളുകളിലായി 600 പേർക്ക് നമസ്കരിക്കാൻ സാധിക്കുമെന്നാണ്. ഏകദേശം 750 ആളുകൾക്ക് നമസ്കരിക്കാൻ സാധിക്കുമെന്നാണ് ഞാൻ കണക്കുകൂട്ടിയിട്ടുള്ളത്. കൂടാതെ പഴയ കെട്ടിടത്തിൽ മുന്നൂറ് ആളുകൾക്ക് നമസ്കരിക്കാൻ സാധിക്കും. എന്റെ കണക്കനുസരിച്ച് 1000 പേർക്ക് നമസ്കരിക്കാൻ സാധിക്കുമെന്നാണ് തോന്നുന്നത്. 106 കാറുകൾ പാർക്ക് ചെയ്യാൻ സാധിക്കും. ഇതിനോടൊപ്പം ലങ്കർഖാനയും ഉണ്ടാക്കിയിട്ടുണ്ട്. മൂന്നര ലക്ഷം ന്യൂസിലാന്റ് ഡോളർ അതിനായി ചെലവാക്കി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തംഗങ്ങൾ ഇക്കാര്യത്തിൽ വലിയ ത്യാഗങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ നൽകി. കുട്ടികൾ സ്വരുക്കൂട്ടി വെച്ചിരുന്ന പോക്കറ്റ് മണി മസ്ജിദ് ഫണ്ടിലേക്ക് നൽകി. മാസാവസാനം ജമാഅത്ത് അകൗണ്ടിൽ പണമില്ലാത്ത രണ്ട് അവസരങ്ങൾ വന്നിരുന്നു. കോൺട്രാക്റ്റർക്ക് പെയ്മെന്റ് നൽകേണ്ടതുണ്ടായിരുന്നു. നാഷണൽ ആമിലയും ചില വ്യക്തികളും പെട്ടെന്ന് സംഘടിപ്പിച്ച് ഒരു ലക്ഷം ഡോളറും ചിലപ്പോൾ അതിനേക്കാളും കൂടുതലും നൽകുകയുണ്ടായി. ചില വ്യക്തികൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോ ലക്ഷത്തിൽ കൂടുതൽ ഡോളറുകൾ നൽകിയിട്ടുണ്ട്. ഇതു കൂടാതെ ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് ത്യാഗങ്ങൾ ചെയ്യുകയുണ്ടായി. ചെറിയ ഒരു ജമാഅത്താണെങ്കിലും വലിയ ത്യാഗമാണ് ഇവരെല്ലാവരും ചെയ്തത്. ചെലവ് വളരെ കൂടുതൽ വന്നിട്ടുണ്ട്. *അല്ലാഹു ഈ ത്യാഗം ചെയ്ത എല്ലാവർക്കും, സാമ്പത്തിക ത്യാഗം ചെയ്യാൻ കഴിയാത്തവർ സമയം നൽകിക്കൊണ്ട് വഖാറെ അമൽ ചെയ്തിട്ടുണ്ട്, അല്ലാഹു ഇവർ എല്ലാവരുടെയും കുടുബാംഗങ്ങളിലും സമ്പത്തിലും അനന്തമായ അനുഗ്രഹം ചൊരിയട്ടെ. ഇവരുടെ ആത്മാർത്ഥതയും കൂറും വർദ്ധിപ്പിക്കട്ടെ.*

ഇവരുടെ മക്കളെയും എപ്പോഴും അഹ്മദിയ്യത്തുമായി ബന്ധിപ്പിച്ച് നിർത്തട്ടെ. വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർദ്ധനവ് നൽകട്ടെ. നമസ്കാരത്തിന്റെ കടമകൾ നിറവേറ്റുന്നവരായി മാറ്റട്ടെ. മസ്ജിദിൽ വന്ന് അതിന്റെ കടകൾ നിറവേറ്റുന്നവരാക്കി മാറ്റട്ടെ. തങ്ങളുടെ വീടുകളെയും ദൈവ സ്മരണയാൽ നിറക്കുന്നവരായി മാറ്റട്ടെ. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരാക്കി മാറ്റട്ടെ. യഥാർത്ഥ ഇസ്ലാമിക സന്ദേശം പ്രചരിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നവരാകട്ടെ.

നിങ്ങളുടെ ജൽസ നടക്കുകയാണ്. ഈ ദിവസങ്ങളിൽ ദുആയിലും കൂടുതലായി ശ്രദ്ധിക്കുക. അല്ലാഹു നമ്മിലെല്ലാവരിലും പരിശുദ്ധ മാറ്റം ഉണ്ടാകട്ടെ എന്ന് ദുആ ചെയ്യുക. മുമ്പത്തേക്കാളുപരി അല്ലാഹുവിന്റെ ഭയം ഹൃദയത്തിൽ ഉണ്ടാകട്ടെ. ഈ പരിശുദ്ധ മാറ്റം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ കഴിയുമാറാകട്ടെ. ജൽസയിൽ വരുന്നവർക്കായി ഹ: മസീഹ് മൗഊദ് عليه السلام ചെയ്ത പ്രാർത്ഥനക്ക് നാമെല്ലാവരും അവകാശികളായിത്തീരട്ടെ.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 November 01 at : New Zealand
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T. Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**